**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3382** **01-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ഓഫീസുകളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ടും വിഷൻ ആന്റ് മിഷൻ 2021-26 എന്ന പദ്ധതി ആവിഷ്കരിച്ച് നിലവിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി റവന്യൂ ഓഫീസുകളുടെ, പ്രധാനമായും വില്ലേജ് ഓഫീസുകളുടെ, അടിസ്ഥാന സൗകര്യവികസനം സംസ്ഥാനത്തുട നീളം നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി കുട്ടനാട് താലൂക്കിന് കീഴിലുള്ള 14 വില്ലേജുകളിൽ മുട്ടാർ, കാവാലം, പുളിങ്കുന്ന് എന്നീ വില്ലേജ് ഓഫീസുകൾ പൊളിച്ച് വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന തരത്തിൽ പുതിയ വില്ലേജ് ഓഫീസ് (സ്മാർട്ട് വില്ലേജ്) കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൈനകരി വടക്ക് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ (സ്മാർട്ട് വില്ലേജ്) നിർമാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ടെൻഡർ നടപടി ആരംഭിച്ചിട്ടുള്ളതുമാണ്. മറ്റ് വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് ശുപാർശ സമർപ്പിക്കുന്നതിന് കുട്ടനാട് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ നിലിവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ഇവിടെ അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി കുട്ടനാട് താലൂക്കിൽ 1011.2022 ന് അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളതും പ്രസ്തുത അദാലത്തിൽ 226 പരാതികൾ പരിഗണിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ